ഭരണഭാഷ-മാതൃഭാഷ

ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയറുടെ നടപടിക്രമം.
(ഹാജർ : ശ്രീ. ജോമോൻ.കെ. ജോർജ്ജ്, ബി.ടെക് )
**ഉത്തരവ് നമ്പർ. ബി2/39977/2020/സിഇ തീയതി : 10/02/2023**

വിഷയം :- ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിലേയ്ക്ക് ഇന്റേൺസിനെ തെരഞ്ഞെടുക്കുന്നത് – സംബന്ധിച്ച്.

പരാമർശം:- ജി.ഒ. (ആർ.റ്റി) നം. 408/2022/എഫ് & പി.ഡി തീയതി. 05/07/2022.

പരാമർശത്തിലെ ഭരണാനുമതിയുടെ അടിസ്ഥാനത്തിൽ ഈ വകുപ്പിൽ ഒരു വർഷത്തേയ്ക്ക് ഐ.റ്റി വിഭാഗത്തിൽ ഗ്രാജ്വേറ്റ് ഇന്റേൺഷിപ്പ് പരിശീലനാർത്ഥികളെ തെരഞ്ഞെടുക്കുന്നതിനായി അപേക്ഷകരുമായി 18/01/2023-ന് ഈ കാര്യാലയത്തിൽ നടന്ന കൂടിക്കാഴ്ചയുടെ അടിസ്ഥാനത്തിൽ താഴെപറയുന്ന പരിശീലനാർത്ഥികൾ യോഗ്യരാണെന്ന് കണ്ടെത്തിയതിനാൽ തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. അപ്രകാരം തെരഞ്ഞെടുക്കപ്പെട്ട പരിശീലനാർത്ഥികളെ ഈ കാര്യാലയത്തിലെ ഗ്രാജ്വേറ്റ് ഇന്റേൺസായി നിയമിച്ചുകൊണ്ട് ഉത്തരവാകുന്നു.

| ക്രമ നം | പേരും മേൽവിലാസവും | നിയമനം ലഭിച്ച കാര്യാലയം |
|---|---|---|
| 1 | Karthika.S.B<br>S.B.Bhavan, K.S.Road<br>Kovalam-695 527 | ചീഫ് എഞ്ചിനീയറുടെ കാര്യാലയം, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്, കമലേശ്വരം, മണക്കാട്. പി.ഒ, തിരുവനന്തപുരം-9 |
| 2 | Vijitha.A.V<br>TC 48/399(1), Sreevalsam<br>Paravankunnu,Ambalathara<br>Poonthura.P.O | ചീഫ് എഞ്ചിനീയറുടെ കാര്യാലയം, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്, കമലേശ്വരം, മണക്കാട്. പി.ഒ, തിരുവനന്തപുരം-9 |

ടി കാലയളവിൽ പ്രതിമാസം 14000/- രൂപ(പതിനാലായിരം രൂപ മാത്രം) സ്റ്റൈപ്പന്റായി ലഭിയ്ക്കുന്നതാണ്. പരിശീലനത്തിനായി പ്രവേശിയ്ക്കുമ്പോൾ താങ്കളുടെ യോഗ്യതാ സർട്ടിഫിക്കറ്റിന്റെ അസ്സൽ രേഖകൾ ഹാജരാക്കേണ്ടതാണ്. ഈ ഉത്തരവ് കൈപ്പറ്റി 7 ദിവസത്തിനകം താങ്കളുടെ പേരിനോടൊപ്പം നൽകിയിട്ടുള്ള ഓഫീസിൽ പരിശീലനത്തിനായി ഹാജരാകേണ്ടതാണ്. അല്ലാത്തപക്ഷം മറ്റൊരു അറിയിപ്പ് ഇല്ലാതെ ഈ ഉത്തരവ് റദ്ദാക്കുന്നതാണ്. ഇന്റേൺഷിപ്പിനായി നിർദ്ദേശിയ്ക്കപ്പെട്ട ഓഫീസിൽ ഹാജരാകുന്ന അന്നുതന്നെ ബന്ധപ്പെട്ട ഓഫീസ് മേധാവിയുമായി ഇന്റേൺഷിപ്പിനെ സംബന്ധിക്കുന്ന വ്യവസ്ഥകൾ ഉൾപ്പെട്ടിട്ടുള്ള കരാറിൽ ഏർപ്പെടേണ്ടതാണ്.

ഇന്റേൺസിന്റെ പരിശീലന കാലാവധിയായ ഒരു വർഷത്തിനുള്ളിൽ മതിയായ കാരണം ഇല്ലാതെ ഇടയ്ക്കുവച്ച് പരിശീലനം അവസാനിപ്പിയ്ക്കുവാൻ അനുവദിയ്ക്കുകയില്ല. അപ്രകാരം മതിയായ കാരണം ഇല്ലാതെ പരിശീലനം അവസാനിപ്പിക്കേണ്ടിവന്നാൽ അന്നുവരെ വാങ്ങിയ സ്റ്റൈപ്പന്റ് തിരിച്ച് സർക്കാരിലേയ്ക്ക് അടയ്ക്കേണ്ടതാണ്.

ഒപ്പ്
**ചീഫ് എൻജിനീയർ**

T6/Pr

സ്വീകർത്താവ്,

1 Karthika.S.B
S.B.Bhavan, K.S.Road
Kovalam
Pin. 695 527

2 Vijitha.A.V
TC 48/399(1), Sreevalsam
Paravankunnu,Ambalathara
Poonthura.P.O

പകർപ്പ്:- 1) ഐ.റ്റി.സെൽ
2) ഈ കാര്യാലയത്തിലെ എ6 സെക്ഷന്

ഉത്തരവിൻ പ്രകാരം,

അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്

T6/Pr